21-10-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ.നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമഗ്ര റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മന്ത്രിസഭായോഗം

62 (33) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബർ 17 ന് രാത്രി സംസ്ഥാന മന്ത്രിസഭായോഗം ചേരുകയുണ്ടായോ; പ്രസ്തുത യോഗത്തിൽ ചീഫ് സെക്രട്ടറി പങ്കെടുക്കുകയുണ്ടായോ; പങ്കെടുത്ത മന്ത്രിമാർ എത്രയായിരുന്നു; മന്ത്രിസഭാ യോഗത്തിന്റെ അറിയിപ്പ് എല്ലാ മന്ത്രിമാർക്കും നല്കുകയുണ്ടായോ; മന്ത്രിസഭാ യോഗം ചേർന്നത് എവിടെവെച്ചായിരുന്നു;

(ബി) എത്ര അജണ്ട ഐറ്റങ്ങളിൽ മന്ത്രിസഭായോഗത്തിൽ തീരുമാനം എടുക്കുകയുണ്ടായി;

(സി) മന്ത്രിസഭായോഗം എത്ര മണിക്ക് ആരംഭിച്ച് എത്ര മണിക്ക് അവസാനിപ്പിക്കുകയുണ്ടായി;

(ഡി) 18-12-2015-ന് രാവിലെ വീണ്ടും മന്ത്രിസഭായോഗം ചേരുകയുണ്ടായോ; അന്നത്തെ അജണ്ടയിലെ എത്ര ഐറ്റങ്ങളിൽ തീരുമാനം എടുക്കുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015 ഡിസംബർ 17-ന് രാത്രി പ്രത്യേക മന്ത്രിസഭായോഗം നിയമസഭാ മന്ദിരത്തിൽ മുഖ്യമന്ത്രിയുടെ ചേംബറിൽ വച്ച് ചേരുകയുണ്ടായി. യോഗത്തിൽ മുഖ്യമന്ത്രിയെ കൂടാതെ 17 മന്ത്രിമാരും ചീഫ് സെക്രട്ടറിയും പങ്കെടുത്തു. 17-12-2015-ന് നിയമസഭായോഗം അവസാനിച്ച ശേഷം പ്രത്യേക മന്ത്രിസഭായോഗം ഉണ്ടായിരിക്കുന്നതാണെന്ന് എല്ലാ മന്ത്രിമാരെയും അറിയിച്ചിരുന്നു.

(ബി) പ്രത്യേക മന്ത്രിസഭാ യോഗത്തിന് അജണ്ട ഇല്ല.

(സി&ഡി) 17-12-2015-ന് രാത്രി 11.50-ന് ആരംഭിച്ചു. യോഗനടപടികൾ അവസാനിക്കുന്ന സമയം രേഖപ്പെടുത്താറില്ല. 18-12-2015-ന് രാവിലെ വീണ്ടും മന്ത്രിസഭായോഗം കൂടുകയുണ്ടായില്ല.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

63 (34) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളോനുബന്ധിച്ച് 14 ജില്ലകളിലും മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ ഏതെങ്കിലും നടപ്പിലാക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) നടപ്പിലാക്കിയിട്ടില്ലാത്തവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) പ്രവർത്തനം അനുവദിച്ച പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്താമോ ;

(ഡി) മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്ന പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കപ്പെട്ടിരുന്നത് ഏത് തലത്തിലായിരുന്നു ;

(ഇ) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ പ്രഖ്യാപനങ്ങളിൽ ഏതെങ്കിലും പൂർത്തിയാകുമോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ജില്ലകളിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാതല വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly